**കാർഷിക വികസന കർഷകക്ഷേമവകുപ്പ് ഡയറക്ടറുടെ നടപടിക്രമം.**
**കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**(ഹാജർ - ഡോ. കെ. വാസുകി. ഐ.എ.എസ്)**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റുമാരുടെ 31/01/2017 വരെയുള്ള അന്തിമ സീനിയോരിറ്റിപ്പട്ടിക -ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശം :- 1) ഈ കാര്യാലയത്തിലെ 19.05.2018, 10.04.2019, 21.05.2019,10.10.2019 തീയതികളിലെ സമ നമ്പർ ഉത്തരവുകൾ.
2) കൃഷി ഓഫീസർ, കൃഷിഭവൻ, അണ്ടൂർക്കോണത്തിന്റെ 23/10/2019 തീയതിയിലെ കത്ത്.
3) പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 28/11/2019 തീയതിയിലെ ഇ(1) 15370/16 നമ്പർ കത്ത്.
4) ശ്രീമതി. ഡീറ്റി മോൾ ജോസഫ്, കൃഷി അസിസ്റ്റന്റിന്റെ 02.12.2019 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ എസ്.ഇ (2) 45405/17 തീയതി 22/07/2020**

ഉപരി പരാമർശം (1) പ്രകാരം കൃഷി അസിസ്റ്റന്റുമാരുടെ 31/01/2017 വരെയുള്ള അന്തിമ സീനിയോറിറ്റി പട്ടിക ഭേദഗതി വരുത്തി ഉത്തരവായിരുന്നു. ടി പട്ടിക സംബന്ധിച്ച് പരാമർശം 2,3,4 പ്രകാരം ലഭ്യമായ പരാതികൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശം (2) പ്രകാരം, തിരുവനന്തപുരം അണ്ടൂർക്കോണം കൃഷിഭവനിലെ അസിസ്റ്റന്റായ ശ്രീ. എസ്. സുരേഷ് കുമാർ, തന്നെ സീനിയോറിറ്റിപ്പട്ടികയിൽ ഉൾപ്പെടുത്താനാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ആയത് ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധിച്ച് ടിയാളെ സീനിയോറിറ്റി പട്ടികയിലെ ക്രമ നം.2608 നും 2609 നും ഇടയിൽ താഴെ പറയുന്ന രീതിയിൽ സീനിയോറിറ്റിപ്പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| New SL No. | Seniority no. in the previous list | Name | Education qualification | Date of Birth | Date of Entry in service | Date of commencement of continuous service | PSC Advice no& Date |
|---|---|---|---|---|---|---|---|
| 2608A | - | Suresh Kumar.S | SSLC, MGTE (Agri) 2 years service | 24.04.67 | 08.11.13 | 08.11.13 | RIC (3) 16592/12/GW dated 23.08.13 of KPSC Trivandrum |

ഉപരി പരാമർശം (3) പ്രകാരം പാലക്കാട് പുതുക്കോട് കൃഷിഭവനിലെ കൃഷി അസിസ്റ്റന്റായ ശ്രീ. ആർ മുരളീധരന്റെ പേര് സീനിയോറിറ്റിപ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ആയത് ബന്ധപ്പെട്ട രേഖകൾ സഹിതം വിശദമായി പരിശോധിച്ചു. സ.ഉ. (അച്ചടിച്ചത്) നം.01/16/സാ.നീ.വ. തീയതി 03.02.2016 പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടതിനാലും സേവനം പൂർത്തിയാക്കി പ്രസ്തുത തസ്തികയിൽതന്നെ വിരമിക്കുന്നതിനാലും 18.05.2013 ലെ സ.ഉ (അച്ചടിച്ചത്) 40/13 സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം നിയമിതരായവർക്ക് സ്ഥിര ജീവനക്കാരെപ്പോലെ സീനിയോറിറ്റിയ്ക്ക് അർഹതയില്ലാത്തതിനാൽ ശ്രീ. ആർ മുരളീധരന്റെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

ഉപരിപരാമർശം (3) പ്രകാരം, കൃഷി അസിസ്റ്റന്റുമാരുടെ സീനിയോറിറ്റിപ്പട്ടികയിൽ ക്രമ നമ്പർ : 1572 ആയി ഉൾപ്പെട്ട ശ്രീമതി. ഡിറ്റി മോൾ ജോസഫിന്റെ സേവനത്തിൽ പ്രവേശിച്ച തീയതി 01.04.2014 എന്നു രേഖപ്പെടുത്തിയിട്ടുള്ളത് തെറ്റായിട്ടാണെന്നും, യഥാർത്ഥ തീയതി 12.04.2012 ആണെന്നും ആയത് തിരുത്തി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ശ്രീ. ഡിറ്റി മോൾ ജോസഫ് കൃഷി അസിസ്റ്റന്റിന്റെ (സീനിയോറിറ്റിപ്പട്ടിക ക്രമ നം.1572) സേവനത്തിൽ പ്രവേശിച്ച തീയതി 12.04.2012 എന്നു തിരുത്തി ഉത്തരവാകുന്നു.

മേൽ ഭേദഗതികളോടെ പരാമർശം 1 പ്രകാരമുള്ള ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഒപ്പ്/-)
**ഡയറക്ടർ**
**കാർഷികവികസന കർഷകക്ഷേമ വകുപ്പ്**

ബന്ധപ്പെട്ട ജീവനക്കാർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖാന്തിരം)

Superintendent
SE Section
Directorate of Agriculture
Thiruvananthapuram-33

**പകർപ്പ്**

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2. ഐ.ടി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. എസ്.ഇ (3) സെക്ഷൻ
4. കരുതൽ/അധികം

NP. 20/03 tp 22